Draft #1 of File 145040/AC A1-3/2021/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 12-Nov-2021 01:22 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

2021-2022 അധ്യയന വർഷം - സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലും പഠനവകുപ്പുകളിലും 2021 ഡിസംബർ 31 വരെ അറ്റൻ ഡൻ സ് നിർബന്ധമാക്കുന്നതിൽ ഇളവ് നൽകികൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 6027/AC A 1/2021/എം.ജി.യു　　　　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 12.11.2021

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 516/ACA1/2021/എം.ജി.യു തീയതി 22.01.2021

2. മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ 2019-2020, ജനറൽ സെക്രട്ടറി 25.10.2021 തീയതിയിൽ നൽകിയ കത്ത്

**<u>ഉത്തരവ്</u>**

2020-21 അധ്യയന വർഷം സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലും പഠനവകുപ്പുകളിലും ഓൺലൈൻ ക്ലാസ്സുകളിലെ അറ്റൻഡൻസ് ഇന്റേണൽ മാർക്കിനായി പരിഗണിക്കുന്നതിന് പകരം അധികമായി നൽകുന്ന അസൈൻമെന്റ്/ വൈവ എന്നിവയുടെ മാർക്ക് ഇന്റേണൽ മാർക്കിനായി പരിഗണിക്കുവാൻ പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു.

സർക്കാർ ഉത്തരവുകൾ പ്രകാരം 2021 - 2022 അധ്യയന വർഷത്തിൽ 2021 ഒക്ടോബർ 25 മുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഓഫ്‌ലൈനായി അധ്യയനം പുനരാംരംഭിച്ചിരുന്നു.

എന്നാൽ കോളേജുകളിൽ പൂർണ്ണമായ വാക്സിനേഷൻ നടപ്പാക്കുന്നത് വരെ അറ്റൻഡൻസ് നിർബന്ധമാക്കരുത് എന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (2) പ്രകാരം കത്ത് ലഭിച്ചിരുന്നു.

ടി അഭ്യർത്ഥന പരിഗണിച്ചുകൊണ്ട്, 2021-2022 അധ്യയന വർഷത്തിൽ 2021 ഡിസംബർ 31 വരെ അറ്റൻഡൻസ് നിർബന്ധമാക്കുന്നതിൽ ഇളവ് അനുവദിക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

പ്രൊഫഷണൽ കോഴ്സുകൾക്ക് അതാത് റെഗുലേറ്ററി അതോറിറ്റിയുടെ നിബന്ധനകൾ ബാധകമായിരിക്കും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട അഫിലിയേറ്റഡ് കോളേജുകൾ/പഠന വകുപ്പുകൾ

2. മഹാത്മാഗാന്ധി സർവകലാശാല യൂണിയൻ ജനറൽ സെക്രട്ടറി

3. വിസി / പി വി സി എന്നിവരുടെ പി എസ് മാർ

4. രജിസ്ട്രാർ /ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ

5. അസിസ്റ്റന്റ് രജിസ്ട്രാർ/ ഡെപ്യൂട്ടി രജിസ്ട്രാർ / ജോയിന്റ് രജിസ്ട്രാർ (അക്കാദമിക് / പരീക്ഷ)

6. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ.ക്യൂ.എ.സി./ യൂണിവേഴ്സിറ്റി വെബ്സൈറ്റ്

7. എസിസി 1/ എസിസി 2 / CITAD

8. കരുതൽ ഫയൽ / ഫയൽ കോപ്പി / റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 145040/AC A1-3/2021/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 12-Nov-2021 01:22 PM - Page 2